**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല – എടവണ്ണ ഗ്രാമപഞ്ചായത്ത് - വനിതാ വ്യായാമശാല സജ്ജീകരണം പദ്ധതി – താത്ക്കാലികമായി നിയമിച്ച ഫിസിക്കൽ ട്രെയിനർക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 572/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 08/03/2019

പരാമർശം:- 1. എടവണ്ണ ഗ്രാമപഞ്ചായത്തിൽ 1/10/2018 ന് നടന്ന സാധാരണ മീറ്റിംഗിലെ 1/9 നമ്പർ തീരുമാനം.

2. എടവണ്ണ ഗ്രാമപഞ്ചായത്തിൽ 29/10/2018 ന് നടന്ന സാധാരണ മീറ്റിംഗിലെ 1(1) നമ്പർ തീരുമാനം.

3. എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.

4. പഞ്ചായത്ത് ഡയറക്ടറുടെ 22/02/2019 ലെ PAN 757/2019-G1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ 'വനിതാ വ്യായാമശാല സജ്ജീകരണം' എന്ന പദ്ധതി 23/06/2018 ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചുവെന്നും, കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിന് ശേഷമാണ് സ്ഥിരം ഫിസിക്കൽ ട്രെയിനറെ നിയമിച്ചിട്ടുള്ളതെന്നും, ബഹു. മന്ത്രി ഉദ്ഘാടനം ചെയ്ത തീയതി (23/06/2018) മുതൽ 30/09/2018 വരെയുള്ള 3 മാസ കാലയളവിൽ 12,000/- രൂപ നിരക്കിൽ പഞ്ചായത്ത് താത്ക്കാലികമായി നിയമിച്ച ഫിസിക്കൽ ട്രെയിനർക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം 3 പ്രകാരം എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നു. പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എടവണ്ണ ഗ്രാമ പഞ്ചായത്തിലെ വനിതാ വ്യായാമശാലയിൽ താത്ക്കാലികമായി നിയമിച്ച ഫിസിക്കൽ ട്രെയിനർക്ക് 23/06/2018 മുതൽ 30/9/2018 വരെ പ്രതിമാസം 12,000/- (പന്ത്രണ്ടായിരം) രൂപ നിരക്കിൽ 3 മാസത്തെ ശമ്പളം എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി / പ്രസിഡന്റ്, എടവണ്ണ ഗ്രാമപഞ്ചായത്ത്, എടവണ്ണ പി.ഒ, മലപ്പുറം - 676541.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ